(ബി) ഈ കാലഘട്ടത്തിലെ ചെലവുകൾ വരുമാനത്തിനനുസൃതമായി പിടിച്ചു നിർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് എന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന് സാമ്പത്തിക സുസ്ഥിരത കൈവരുത്തുന്നതിനായി ധനകാര്യ നടപടികളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തൃപ്തികരമാണ്.

(ബി) കഴിഞ്ഞിട്ടില്ല.

(സി) പദ്ധതി ചെലവിൽ വന്ന വർദ്ധന, മുൻകാലങ്ങളിലെ ബാദ്ധ്യതകൾ തീർക്കാൻ വേണ്ടിവന്ന ചെലവ്, പലിശയിനത്തിലും പെൻഷൻ ഇനത്തിലും വന്ന വർദ്ധന, വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത ഏറ്റെടുത്തതുവഴി വന്ന അധികച്ചെലവ് മുതലായവയാണ് ചെലവുകൂടാനുണ്ടായ കാരണം.

(ഡി) ഉണ്ട്.

(ഇ) റവന്യു കമ്മിയും ധനക്കമ്മിയും കുറയ്ക്കുന്നതിന് ധനസംബന്ധമായ ഉത്തരവാദിത്ത നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2003-ലെ കേരള സർക്കാർ ഗ്യാരന്റികളുടെ പരമാവധി പരിധി നിയമപ്രകാരം ഗ്യാരന്റികളുടെ പരമാവധി പരിധി നിശ്ചയിച്ചു. ഉപധനാഭ്യർത്ഥനകളുടെ എണ്ണം വർഷത്തിൽ രണ്ടായി കുറയ്ക്കാൻ തീരുമാനിച്ചു. പുതിയ ബാദ്ധ്യതകൾ തടയുന്നതിനും മുൻ ബാദ്ധ്യതകൾ മുൻഗണനാ ക്രമത്തിൽ കൊടുത്തു തീർക്കുന്നതിനും ഒരു ബാദ്ധ്യതാ മാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ ധനകാര്യ കണക്കുകൾ ഓരോ വർഷവും ഒക്ടോബറിൽ നിയമസഭയിൽ വയ്ക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചു. പ്രോജക്ടുകൾക്കും സ്കീമുകൾക്കും ഘട്ടത്തിനനുസൃതമായി ചെലവ് ആസൂത്രണം ചെയ്യുന്നതിന് ഫണ്ട് മുൻകൂർ നിശ്ചയിച്ചു നൽകുന്നതിനു നടപടികൾ സ്വീകരിച്ചു.

ചെലവു ചുരുക്കൽ പരിപാടിയുടെ പ്രവർത്തന പുരോഗതി

4 [1011] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. കെ. ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ചെലവ് ചുരുക്കൽ പരിപാടിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനത്തിനിടയിൽ ഏതെല്ലാം ഇനങ്ങളിൽ ചെലവ് ചുരുക്കാൻ കഴിഞ്ഞുവെന്ന് കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) ഏതെല്ലാം ഇനങ്ങളിലെ ചെലവ് വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ ചെലവ് ചുരുക്കൽ പരിപാടി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിവരുന്നു.

(ബി, സി) ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ സർവ്വീസിലെ 3570 തസ്തികകൾ നിർത്തലാക്കുകയും, 2915 തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുകയും, 1663 തസ്തികകളെ പുനർവിന്യസിക്കാനായി മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്. 3510 തസ്തികകൾ നിർത്തലാക്കുകയോ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനുപുറമേ പുതിയ തസ്തിക സൃഷ്ടിക്കുന്നത് ഏറ്റവും അത്യാവശ്യമുള്ള അവസരത്തിൽ മാത്രമായി നിജപ്പെടുത്തുകയും അത് മന്ത്രിസഭയുടെ അനുമതിയോടെ മാത്രമേ ആകാവൂ എന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. കൂടുതൽ ഗഡു ഡി. എ.-യും ഡി. ആറും അനുവദിച്ചിട്ടും സർക്കാരിന്റെ ചെലവുകൾ ക്രമാതീതമായി വർദ്ധിക്കാതെ സൂക്ഷിക്കാൻ കഴിഞ്ഞത് ചെലവ് ചുരുക്കൽ പരിപാടി ലക്ഷ്യം കണ്ടതുകൊണ്ടാണ്.

(ഇ) ഉദിക്കുന്നില്ല.

മദ്ധ്യകാല സാമ്പത്തിക പരിഷ്കാരങ്ങൾ

5 [1012] ശ്രീ. പി. ജയരാജൻ:

,, എം. വി. ജയരാജൻ:

,, പിരപ്പൻകോട് മുരളി:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആവിഷ്കരിച്ച മദ്ധ്യകാല സാമ്പത്തിക പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly